**15 -ാം കേരള നിയമസഭ**

**8 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 5525** **15-03-2023 - ൽ മറുപടിയ്ക്ക്**

**ഇ-സമൃദ്ധ പദ്ധതി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ . മുഹമ്മദ് മുഹസിൻ** | | **ശ്രീമതി ജെ ചിഞ്ചുറാണി (മൃഗസംരക്ഷണ-ക്ഷീരവികസന വകുപ്പ് മന്ത്രി)** | |
| (എ) | സംസ്ഥാനത്ത് ക്ഷീരവികസന മേഖലയിൽ കൈവരിച്ച നേട്ടം സുസ്ഥിരമാക്കുന്നതിന്റെ ഭാഗമായി മൃഗരോഗ പ്രതിരോധ സംവിധാനവും മൃഗചികിത്സ സംവിധാനവും വിപുലീകരിക്കുന്നതിനായി നടത്തിയ പ്രവർത്തനങ്ങളെക്കുറിച്ച് വിശദമാക്കാമോ; | (എ) | സംസ്ഥാനത്ത് മൂന്ന് തലത്തിലുള്ള മൃഗാരോഗ്യ പരിപാലന സംവിധാനമാണുള്ളത്. 215 വെറ്ററിനറി ആശുപത്രികളും 885 വെറ്ററിനറി ഡിസ്പെൻസറികളും താലൂക്ക് തലത്തിൽ 50 വെറ്ററിനറി പോളിക്ലിനിക്കുകളും, ജില്ലാതലത്തിൽ 14 ജില്ലാ വെറ്ററിനറി കേന്ദ്രങ്ങളും , മൾട്ടിസ്പെഷ്യാലിറ്റി ആശുപത്രിയും പ്രവർത്തിച്ചുവരുന്നുണ്ട്. ഇവ കൂടാതെ സഞ്ചരിക്കുന്ന മൃഗാശുപത്രികൾ/ ജില്ലാതല ക്ലിനിക്കൽ ലാബുകൾ, സംസ്ഥാനതല മുഖ്യരോഗനിർണ്ണയ കേന്ദ്രം, 4 പ്രാദേശിക രോഗനിർണ്ണയ ലബോറട്ടറികൾ, സംസ്ഥാനതല വന്ധ്യതാ നിവാരണ ഓഫീസ് , സാംക്രമിക രോഗ വിശകലന യൂണിറ്റ് , കന്നുകാലി ഉൽപ്പന്ന പരിശോധനാ ലബോറട്ടറി, അതിർത്തി ചെക്ക് പോസ്റ്റുകൾ എന്നിവയും ഉൾപ്പെടുന്നുണ്ട്. തിരുവനന്തപുരം ജില്ലയിലെ കുടപ്പനക്കുന്നിൽ ആധുനിക സജ്ജീകരണങ്ങളുള്ള മൾട്ടിസ്പെഷ്യാലിറ്റി ഹോസ്പിറ്റലും പ്രവർത്തിച്ചുവരുന്നുണ്ട്. മൃഗചികിത്സയ്ക്കാവശ്യമായ മരുന്നുകൾ മൃഗാശുപത്രികൾ വഴി സൗജന്യമായി കർഷകർക്ക് ലഭ്യമാക്കി വരുന്നു. അകിടുവീക്ക രോഗം നിയന്ത്രണ വിധേയമാക്കുന്നതിനുള്ള സമഗ്ര പരിപാടി ഏർപ്പെടുത്തിയിട്ടുണ്ട്. പാലോട് ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ആനിമൽ ഹെൽത്ത് ആന്റ് വെറ്ററിനറി ബയോളജിക്കൽ വഴി സംസ്ഥാനത്തിനാവശ്യമായ വാക്സിനുകൾ ഉത്പ്പാദിപ്പിച്ച് , മൃഗാശുപത്രികൾ വഴി കർഷകർക്ക് ലഭ്യമാക്കി വരുന്നു. നിലവിൽ പത്തിനം വാക്സിനുകളാണ് ഇവിടെ ഉൽപ്പാദിപ്പിക്കുന്നത്. കർഷകരുടെ വീട്ടുപടിക്കൽ രാത്രികാല അടിയന്തിര മൃഗചികിത്സാ സേവനം നൽകുന്ന പദ്ധതി, വെറ്ററിനറി സർജൻമാരെ കരാറടിസ്ഥാനത്തിൽ നിയമിച്ചാണ് നടപ്പിലാക്കുന്നത് . വൈകിട്ട് 6 മണി മുതൽ പിറ്റേന്ന് രാവിലെ 6 മണി വരെയാണ് |

സേവനം നൽകുന്നത്. പദ്ധതിയുടെ പ്രയോജനം ബോധ്യപ്പെട്ടതിന്റെ അടിസ്ഥാനത്തിൽ പദ്ധതി വ്യാപിപ്പിച്ച് എല്ലാ ബ്ലോക്കുകളിലുമാക്കി (152 + 4 = 156).

<u>പ്രതിരോധ കുത്തിവയ്പ് തീവ്രയജ്ഞങ്ങൾ</u>

മൃഗസംരക്ഷണ വകുപ്പിന് കീഴിൽ പ്രവർത്തിക്കുന്ന അനിമൽഡിസീസ് കൺട്രോൾ പ്രോജക്ട് (ADCP) ആണ് രോഗപ്രതിരോധപ്രവർത്തനങ്ങൾക്ക് ചുക്കാൻ പിടിക്കുന്നത്. വർഷം തോറും രണ്ട് തവണ വീതം സംഘടിപ്പിക്കുന്ന ഭവന സന്ദർശനം വഴി സംസ്ഥാനത്തെ മുഴുവൻ കന്നുകാലികൾക്കും കുളമ്പുരോഗത്തിനെതിരെ പ്രതിരോധ കുത്തിവയ്പ് നൽകുന്ന ഗോരക്ഷാ പദ്ധതിയാണ് ഇതിൽ പ്രധാനം. കൂടാതെ ആട് വസന്ത, കോഴി - താറാവ് രോഗങ്ങൾ എന്നിവയ്ക്കെതിരെയുള്ള പ്രതിരോധ കുത്തിവയ്പ്പുകളും എ. ഡി. സി. പി സംഘടിപ്പിക്കുന്നു.

വകുപ്പിന്റെ കീഴിൽ പ്രവർത്തിക്കുന്ന പ്രധാന റഫറൽ ലബോറട്ടറിയാണ് തിരുവനന്തപുരം ജില്ലയിലെ പാലോട് സ്റ്റേറ്റ് ഇൻസ്റ്റിറ്റ്യൂട്ട് ഫോർ അനിമൽ ഡിസീസ് (SIAD). പത്തനംതിട്ട ജില്ലയിലെ തിരുവല്ലയിൽ പ്രവർത്തിക്കുന്ന മേഖല ലാബായ ഏവിയൻ ഡിസീസ് ഡയോഗ്നോസ്റ്റിക്ക് ലാബിൽ (ADDL) പക്ഷിരോഗ നിർണയ സംവിധാനങ്ങൾ ഉണ്ട് . (ബയോ സേഫ്റ്റി ലെവൽ -2 ഗ്രേഡിൽ പ്രവർത്തിക്കുന്ന 2 ലബോറട്ടറികൾ).

ഇതിന് പുറമേ 14 ജില്ലാ ലാബുകൾ, 50 താലൂക്ക്തല ലാബുകൾ തുടങ്ങിയവ SIAD ന്റെ കീഴിൽ പ്രവർത്തിക്കുന്നു.

SIAD ൽ പുതുതായി മൃഗങ്ങളിലെ കാൻസർ നിർണയത്തിനുള്ള ഓങ്കോളജി വിഭാഗവും പ്രവർത്തിച്ചുവരുന്നു. കൂടാതെ പ്രസ്തുത ലാബിന് NABL അക്രഡിറ്റേഷനും ലഭ്യമാക്കി .

എറണാകുളം ജില്ലയിലെ മരടിൽ പ്രവർത്തിക്കുന്ന സ്റ്റേറ്റ് ലബോറട്ടറി ഫോർ ലൈവ്സ്റ്റോക്ക് മറൈൻ ആന്റ് അഗ്രി പ്രോഡക്റ്റ്സ് (SLMAP), തിരുവനന്തപുരം ജില്ലയിലെ പാലോട് സ്റ്റേറ്റ് ഇൻസ്റ്റിറ്റ്യൂട്ട് ഫോർ അനിമൽ ഡിസീസ് (SIAD), ഏവിയൻ ഡിസീസ് ഡയഗ്നോസ്റ്റിക്ക് ലാബ്, പാലക്കാട് മേഖലാ രോഗനിർണയ ലബോറട്ടറി എന്നിവയ്ക്ക് NABL അക്രഡിറ്റേഷനും ലഭ്യമാക്കി .

| | | | |
|---|---|---|---|
| | | | സ്റ്റേറ്റ് ലബോറട്ടറി ഫോർ ലൈവ്സ്റ്റോക്ക് മറൈൻ ആന്റ് അഗ്രി പ്രോഡക്ട്സ് (SLMAP) ലാബിൽ പാലിലും മാംസത്തിലുമുള്ള ആന്റിബയോട്ടിക്കിന്റെ സാന്നിധ്യം, മാംസം ഏത് ജന്തുവിന്റെതാണെന്ന് തിരിച്ചറിയുന്നതിനുള്ള പരിശോധന എന്നിവയ്ക്കുള്ള സൗകര്യങ്ങളും ഉണ്ട് .<br><br>മൃഗാശുപത്രികളുടെ വികസനവും, പുനസംഘടനയും എന്ന പദ്ധതിയിൽ മൃഗചികിൽസ സംവിധാനം വിപുലീകരിക്കുന്നതിനാവശ്യമായ ഘടകങ്ങൾ ഉൾപ്പെടുത്തിയിരിക്കുന്നു.<br><br>കർഷകരുടെ വീട്ടുപടിക്കൽ ആധുനിക ചികിത്സാ സംവിധാനങ്ങൾ നൽകുന്നതിനായി ടെലി മെഡിക്കൽ സൗകര്യങ്ങളോടു കൂടി നിലവിൽ കൊല്ലം ജില്ലയിൽ നടപ്പിലാക്കി വരുന്ന പദ്ധതിയുടെ മാതൃകയിൽ മേഖലാടിസ്ഥാനത്തിൽ എറണാകുളം, കണ്ണൂർ മേഖലകൾ കേന്ദ്രീകരിച്ച് 2 പുതിയ യൂണിറ്റുകൾ കൂടി സ്ഥാപിച്ചിട്ടുണ്ട്.<br><br>12 സർജറി യൂണിറ്റുകൾ ആരംഭിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു. കൂടാതെ കേന്ദ്ര സർക്കാറിന്റെ ധനസഹായത്തോടെ 29 മൊബൈൽ വെറ്ററിനറി യൂണിറ്റുകൾ കൂടി ലൈവ്സ്റ്റോക്ക് ഹെൽത്ത് ആൻഡ് ഡിസീസ്സ് കൺട്രോൾ എന്ന പദ്ധതിയുടെ കീഴിൽ സ്ഥാപിച്ചിട്ടുണ്ട്. |
| (ബി) | കന്നുകാലികൾക്ക് മികച്ച പരിപാലനം ഉറപ്പാക്കുന്നതിന് പത്തനംതിട്ട ജില്ലയിൽ നടപ്പിലാക്കിയ മാതൃകയിൽ ഇ-സമൃദ്ധ പദ്ധതി പാലക്കാട് ജില്ലയിൽ നടപ്പിലാക്കിയിട്ടുണ്ടോ; വ്യക്തമാക്കുമോ? | (ബി) | പത്തനംതിട്ട ജില്ലയിൽ പൈലറ്റ് പ്രോജക്ടായി ടി പദ്ധതി നടപ്പിലാക്കിയിട്ടുണ്ട്. പാലക്കാട് ജില്ലയിൽ ഈ പദ്ധതി നടപ്പിലാക്കിയിട്ടില്ല. |

സെക്ഷൻ ഓഫീസർ